Regd. with A/D

**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ: ആസിഫ് കെ യൂസഫ് IAS

ക്ഷീരവികസന വകുപ്പ് - ജീവനക്കാര്യം - ശ്രീ.അബ്ദുൽ ലത്തീഫ്, ക്ഷീര വികസന ഓഫീസർ - ശൂന്യവേതനാവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തതിനാലും, പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിച്ചും ടിയാനെ സർക്കാർ സർവീസിൽ നിന്നും വിടുതൽ (Discharge) ചെയ്തുകൊണ്ടുമുള്ള താൽകാലിക ഉത്തരവ് സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം. DDDKER/5009/2021-ES2 തിരുവനന്തപുരം,തീയതി: 28-10-2024

പരാമർശം:- 1. ഈ ഓഫീസിൽ നിന്നുമുള്ള 18.04.2022 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
2. 25.11.2023 ലെ ഡി1/157/2022-ഡിഡി നമ്പർ സർക്കാർ കത്ത്.
3. 21.01.2024 ലെ DDDKER/248/2024-ES1 നമ്പർ ഉത്തരവ്.
4. ഈ ഓഫീസിൽ നിന്നുമുള്ള 13.03.2024 ലെ ഇതേ നമ്പർ നോട്ടീസ്.
5. 01.04.2024 ലെ ഇ-മെയിൽ സന്ദേശം.
6. ഈ ഓഫീസിൽ നിന്നുമുള്ള 04.04.2024 ലെ ഇതേ നമ്പർ നോട്ടീസ്.
7. ക്ഷീര വികസനവകുപ്പ് ഡയറക്ടറുടെ 09.05.2024 ലെ ഇതേ നമ്പർ ഉത്തരവ്
8. 28.05.2024 ലെ ഇ-മെയിൽ സന്ദേശം.

**<u>ഉത്തരവ്</u>**

ക്ഷീര വികസന വകുപ്പിൽ മലപ്പുറം, വേങ്ങര ക്ഷീര വികസന ഓഫീസർ ആയിരുന്ന ശ്രീ.അബ്ദുൽ ലത്തീഫിന് കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരം തുടർച്ചയായി 15 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അവധി കഴിഞ്ഞ് 14.03.2018 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന ടിയാൻ നിശ്ചിത സമയത്തിനുള്ളിൽ സർവ്വീസിൽ പ്രവേശിക്കുകയോ മറ്റു അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അച്ചടക്ക നടപടികൾ സ്വീകരിക്കും എന്നറിയിച്ച് കൊണ്ട് മേൽ പരാമർശം(1) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് മറുപടിയായി ക്ഷീര വികസന വകുപ്പില് തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ മേൽ നടപടികൾക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

അവധി കാലാവധി കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്ന ശ്രീ അബ്ദുൽ ലത്തീഫ് ന് എതിരെ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII-A ചട്ടം 9 പ്രകാരം അച്ചടക്ക നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതാണ് എന്നും എം.ഡി.പി യിലെ ഖണ്ഡിക 53(6) പ്രകാരം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഒരു ജീവനക്കാരൻ തിരികെ ജോലിയിൽ പ്രവേശിക്കാൻ

സന്നദ്ധനാകുന്നുവെങ്കിൽ ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുകയോ ടിയാനെ അച്ചടക്ക നടപടിക്ക് വിധേയമായി സസ്പെൻഡ് ചെയ്യപ്പെടുകയോ അല്ലെങ്കിൽ സസ്പെൻഡ് ചെയ്യുവാൻ ഉദ്ദേശിക്കുകയോ ചെയ്യാത്ത പക്ഷം ടിയാന്റെ സർവ്വീസിലേക്കുള്ള പുന:പ്രവേശം നിരാകരിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അച്ചടക്ക നടപടിയുടെ തീർപ്പാക്കലിന് വിധേയമായി അപേക്ഷകനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച നിയമനാധികാരിക്ക് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് മേൽ പരാമർശം(2) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൽ ലത്തീഫിനെ അച്ചടക്ക നടപടിക്ക് വിധേയമായി വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം(3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിനായുള്ള നിയമന ഉത്തരവ് കൈപ്പറ്റിയെന്നും എന്നാൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് സാധിക്കുകയില്ലായെന്നും സേവനത്തിൽ നിന്നും നീക്കം ചെയ്യണമെന്നും അറിയിച്ച് കൊണ്ട് ടിയാൻ ഇ-മെയിൽ അയച്ച് നൽകിയിരിക്കുന്നു.

മേൽ വിഷയം വിശദമായി പരിശോധിച്ചതിൽ ശ്രീ.അബ്ദുൽ ലത്തീഫ് പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതാണെന്ന് വ്യക്തമായി. ആയതിനാൽ ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ ഇത്തരം പ്രവർത്തികളുടെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II, റൂൾ 19 (a) (ii) പ്രകാരം ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുവാനും ടിയാനെ സർവീസിൽ നിന്നും ഡിസ്ചാർജ് ചെയ്യുവാനും തീരുമാനിച്ചിരിക്കുന്നു എന്നറിയിച്ച് കൊണ്ട് മേൽ പരാമർശം(4) പ്രകാരം നോട്ടീസ് (ഇമെയിലും രജിസ്റ്റേർഡ് കത്തും) അയച്ച് നൽകിയിരുന്നു. ആയത് കൈപറ്റിയിട്ടുണ്ട് എന്ന് ടിയാൻ പരാമർശം(5) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

തുടർ നടപടിയുടെ ഭാഗമായി ശ്രീ അബ്ദുൽ ലത്തീഫിനെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയും 19.04.2024 ന് ഓഫീസിൽ ഹാജരാകുവാൻ അറിയിച്ച് കൊണ്ട് മേൽ പരാമർശം(6) പ്രകാരം നോട്ടീസ് നൽകിയിരുന്നു. എന്നാൽ ആ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ ' Addressee Out of India ' എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ട്മെന്റിലേയ്ക്ക് മടക്കി.

ശ്രീ അബ്ദുൽ ലത്തീഫിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും, തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് സാധിക്കുകയില്ലായെന്നും സേവനത്തിൽ നിന്നും നീക്കം ചെയ്യണമെന്നും ടിയാൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിലും കെ.എസ് & എസ്.എസ്.ആർ പാർട്ട് II, റൂൾ 19 (a) (ii) പ്രകാരം ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുവാനും ടിയാനെ 06.02.2024 തീയതി മുതൽ സർക്കാർ സർവീസിൽ നിന്നും ഡിസ്ചാർജ് ചെയ്യുവാനും താല്ക്കാലികമായി തീരുമാനിച്ച് കൊണ്ട് പരാമർശം(7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ശ്രീഅബ്ദുൽ. ലത്തീഫ്, ക്ഷീര വികസന ഓഫീസർക്ക് എന്തെങ്കിലും പ്രതിവാദ പത്രിക ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് സമർപ്പിക്കുവാൻ 1 5 ദിവസം സമയവും നൽ കിയിരുന്നു. പ്രസ്തുത ഉത്തരവ് കൈപറ്റിയിട്ടുണ്ട് എന്നും ആയത് അംഗീകരിക്കുന്നു എന്നും

ടിയാൻ പരാമർശം(8) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ശ്രീ അബ്ദുൽ ലത്തീഫ്, ക്ഷീര വികസന ഓഫീസർ, അവധി കാലാവധി കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നതിനാലും, ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും, സർക്കാർ സർവീസിൽ നിന്നും ഡിസ്ചാർജ് ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം ടിയാൻ അംഗീകരിച്ചു എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിലും **കെ.എസ് & എസ്.എസ്.ആർ പാർട്ട് II, റൂൾ 19 (a) (ii) പ്രകാരം ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുവാനും ടിയാനെ 06.02.2024 തീയതി മുതൽ സർക്കാർ സർവീസിൽ നിന്നും വിടുതൽ (Discharge) ചെയ്യുവാനും തീരുമാനിച്ച് കൊണ്ടുള്ള താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു..**

**ഡയറക്ടർ**
Signed by
Asif K Yusuf
Date: 28-10-2024 16:16:59

To

**ശ്രീ. അബ്ദുല് ലത്തീഫ് വി**
**വടക്കയില് ഹൗസ്**
**കച്ചേരി. പി.ഒ**
**എടച്ചേരി**
**കോഴിക്കോട് 673502**

ഇമെയിൽ: latheef.abdulv@gmail.com

പകർപ്പ്:- 1) ഗവൺമെന്റ് സെക്രട്ടറി, ക്ഷീരവികസന വകുപ്പ്
2) പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്) , കേരള, തിരുവനന്തപുരം
3) ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
4) ഇഎസ് 1, ബി3, എ1, ഐ.ഡബ്യൂ സീറ്റുകൾ
5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്)
6) ഡി.എഫ്.ഐ, IT സെൽ (വെബ്സൈറ്റിൽ നൽകുന്നതിനായി)
7) ഇ സെക്ഷൻ, ബി സെക്ഷൻ സൂപ്രണ്ട്മാർ
8) ഡയറക്ടറുടെ സി.എ
9) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
10) എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും